(ജി&എച്ച്) ഉദിക്കുന്നില്ല.

(ഐ&ജെ) കരടിന് അന്തിമ രൂപം ആയിട്ടില്ല.

ഭേദഗതിയുടെ കരട് അംഗീകൃത സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്യാൻ നോട്ടീസ് നൽകിയിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ കൂടി പരിശോധിച്ചാലേ ഇക്കാര്യത്തിന് അന്തിമരൂപം നൽകാനാവുകയുള്ളു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

100 (1792) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ ശോച്യാവസ്ഥ കണക്കിലെടുത്ത് ഈ പ്രസ്സിനെ ആധുനികവൽക്കരിക്കുന്നതിനും പ്രസ്സിന്റെ മുഴുവൻ പ്രവർത്തനശേഷിയും കൈവരിച്ച് പ്രവർത്തനയോഗ്യമാക്കുന്നതിനും ഒരു പദ്ധതി തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിനുവേണ്ടി അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിവിഹിതത്തിന്റെ ലഭ്യതയനുസരിച്ച് പുതിയ യന്ത്രങ്ങൾ വാങ്ങാൻ നടപടികൾ കൈക്കൊള്ളുന്നതാണ്. കേടായ യന്ത്രങ്ങളിൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവ നന്നാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു കഴിഞ്ഞു. പ്രസ്സിന്റെ പ്രവർത്തനശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ പാഠപുസ്തക അച്ചടി

101 (1793) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ 2003-2004 വർഷങ്ങളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയ്ക്ക് ഉത്തരവു നൽകിയിരുന്നുവോ ;

(ബി) നൽകിയിരുന്നെങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ എത്ര കോപ്പിവീതമാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) അച്ചടി ഉത്തരവ് നൽകിയശേഷം ഏതെങ്കിലും പാഠപുസ്തകങ്ങളുടെ അച്ചടി തിരിച്ചു വാങ്ങിയിരുന്നുവോ ;

(ഡി) എങ്കിൽ ഏതെല്ലാം പാഠപുസ്തകങ്ങളുടെ അച്ചടിയാണ് തിരിച്ചു വാങ്ങിയത് ; കാരണം വ്യക്തമാക്കാമോ ;

(ഇ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ തന്നെ ഇവയുടെ അച്ചടി സമയബന്ധിതമായി ചെയ്തു തീർക്കാൻ കഴിയുമായിരുന്നോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പാഠപുസ്തകങ്ങളുടെ അച്ചടി തിരിച്ചു വാങ്ങി സ്വകാര്യപ്രസ്സുകളെ ഏൽപ്പിച്ചതിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ അച്ചടിക്ക് ഏൽപ്പിച്ച മൂന്നു പാഠപുസ്തകങ്ങളിൽ ഒന്നിന്റെ കുറച്ചുപ്രതികളുടെ അച്ചടി ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലേയ്ക്ക് മാറ്റിയിരുന്നു.

(ബി) എട്ടാം ക്ലാസ്സിലെ പാഠപുസ്തകമായ 'നാടകമേള'യുടെ ഒരു ലക്ഷം പ്രതികളുടെ അച്ചടിയാണ് മാറ്റി നൽകിയത്.

(സി) തിരിച്ചു വാങ്ങിയിരുന്നു.

(ഡി) എട്ടാം ക്ലാസ്സിലെ 'നാടകമേള' എന്ന പാഠപുസ്തകത്തിന്റെ ഒരു ലക്ഷം പ്രതികളുടെ അച്ചടിയാണ് തിരിച്ചുവാങ്ങിയത്. സമയത്തിന് ഷീറ്റ് പേപ്പർ ബന്ധപ്പെട്ട പ്രസ്സിൽ ലഭിക്കാത്തതിനാലാണ് ഇങ്ങനെ വേണ്ടിവന്നത്.

(ഇ) ഷീറ്റ് പേപ്പർ യഥാസമയം ലഭിച്ചിരുന്നെങ്കിൽ പാഠപുസ്തകം സമയബന്ധിതമായി അച്ചടിക്കാമായിരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ആധുനിക മെഷീനറി സ്ഥാപിക്കാൻ നടപടി

102 (1794) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ആവശ്യമായ ആധുനിക മെഷീനറി സ്ഥാപിക്കാത്തതുമൂലം പ്രവർത്തനം സ്തംഭിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലും സംസ്ഥാനത്തെ ഇതര പ്രസ്സുകളിലെപ്പോലെ ആധുനിക മെഷീനറി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ആധുനിക മെഷീനറികൾ സ്ഥാപിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly